ദീപിക
DEEPIKA, THE FIRST MALAYALAM DAILY ESTABLISHED 1887

# ആരോഗ്യ ബോധവത്കരണ ശില്പശാല

**കൊച്ചി:** സ്കൂൾ വിദ്യാർഥികൾക്കായി അമൃത കോളജ് ഓഫ് നേഴ്സിംഗ് ആരോഗ്യ ബോധവത്കരണ ശില്പശാല സംഘടിപ്പിച്ചു. വിദ്യാർഥികളിൽ ആരോഗ്യ സംരക്ഷണ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു പരിപാടി. കോളജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ. കെ.ടി. മോളി ഉദ്ഘാടനം ചെയ്തു. സ്വാമിനി ഗുരുപ്രിയാമൃത പ്രാണ അധ്യക്ഷത വഹിച്ചു. രോഹിണി ജയറാം, പ്രഫ. നിഥിൻ ഏലിയാസ് എന്നിവർ പ്രസംഗിച്ചു.

ജന്മഭൂമി

# സ്കൂൾ വിദ്യാർത്ഥികൾക്കായി അമൃതയിൽ ആരോഗ്യ ബോധവൽക്കരണ ശില്പശാല

**കൊച്ചി:** സ്കൂൾ വിദ്യാർത്ഥികളിൽ ആരോഗ്യ സംരക്ഷണ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചത്. കൊടുങ്ങല്ലൂർ അമൃത വിദ്യാലയത്തിൽ സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടിയിൽ നൂറിലേറെ വിദ്യാർത്ഥികൾ പങ്കെടുത്തു. കൊച്ചി അമൃത കോളജ് ഓഫ് നഴ്സിങ്ങിൽ നിന്നുള്ള വിദ്യാർത്ഥികളും അദ്ധ്യാപകരുമാണ് സ്കൂൾ വിദ്യാർത്ഥികൾക്ക് ആരോഗ്യ സംരക്ഷണ ബോധവൽക്കരണത്തിനായി പരിപാടികൾ സംഘടിപ്പിച്ചത്.




**അമൃത കോളജ് ഓഫ് നഴ്സിങ് പ്രിൻസിപ്പൽ ഡോ. കെ.ടി. മോളി ഹെൽത്ത് പ്രോഗ്രാം ഉദ്ഘാടനം ചെയ്യുന്നു**

അമൃത കോളജ് ഓഫ് നഴ്സിങ് പ്രിൻസിപ്പൽ ഡോ. കെ.ടി. മോളി ബോധവൽക്കരണ പരിപാടി ഉദ്ഘാടനം ചെയ്തു. കൊടുങ്ങല്ലൂർ അമൃത വിദ്യാലയം പ്രിൻസിപ്പൽ സ്വാമിനി ഗുരുപ്രിയാമൃത പ്രാണ അധ്യക്ഷത വഹിച്ചു. അമൃത വിദ്യാലയം അക്കാദമിക് അഡൈ്വസർ രോഹിണി ജയറാം, അമൃത കോളജ് ഓഫ് നഴ്സിങ് വിഭാഗം പ്രൊഫ. നിഥിൻ ഏലിയാസ് എന്നിവർ പങ്കെടുത്തു. ലഹരിയെ തിരിച്ചറിയുക ചെറുക്കുക, മരുന്നുകളുടെ ദുരുപയോഗം തടയുക എന്നീ സന്ദേശങ്ങൾ നൽകി സ്കൂൾ വിദ്യാർത്ഥികൾക്കായി ക്ലാസുകളും ശില്പശാലയുടെ ഭാഗമായി സംഘടിപ്പിച്ചിരുന്നു. ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി അമൃത കോളജ് ഓഫ് നഴ്സിങ്ങിലെ വിദ്യാർത്ഥികൾ സംഘഗാനം, മൈം, പാവക്കൂത്ത്, സംഘനൃത്തം എന്നിവയും സ്കൂൾ വിദ്യാർത്ഥികൾക്കായി അവതരിപ്പിച്ചു.

സുപ്രഭാതം




അമൃത കോളേജ് ഓഫ് നഴ്സിങ് പ്രിൻസിപ്പൽ ഡോ. കെ.ടി മോളി ഹെൽത്ത് പ്രോഗ്രാം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

# ബോധവൽക്കരണ ശിൽപശാല

**കൊച്ചി** ▸ സ്കൂൾ വിദ്യാർഥികളിൽ ആരോഗ്യ സംരക്ഷണ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ അമൃത കോളേജ് ഓഫ് നഴ്സിങ് ബോധവൽകരണ പരിപാടി സംഘടിപ്പിച്ചു. കൊടുങ്ങല്ലൂർ അമൃത വിദ്യാലയത്തിൽ സംഘടിപ്പിച്ച ബോധവൽകരണ പരിപാടിയിൽ നൂറിലേറെ വിദ്യാർഥികൾ പങ്കെടുത്തു. പ്രിൻസിപ്പൽ ഡോ. കെ.ടി മോളി ഉദ്ഘാടനം ചെയ്തു. കൊടുങ്ങല്ലൂർ അമൃത വിദ്യാലയം പ്രിൻസിപ്പൽ സ്വാമിനി ഗുരുപ്രിയാമൃത പ്രാണ അധ്യക്ഷനായി. രോഹിണി ജയറാം, നിഥിൻ ഏലിയാസ് പങ്കെടുത്തു. ലഹരിയെ തിരിച്ചറിയുക ചെറുക്കുക, മരുന്നുകളുടെ ദുരുപയോഗം തടയുക എന്നീ സന്ദേശങ്ങൾ നൽകി സ്കൂൾ വിദ്യാർഥികൾക്കായി ക്ലാസുകളും ശിൽപശാലയുടെ ഭാഗമായി സംഘടിപ്പിച്ചിരുന്നു.